# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### കെട്ടിട നിർമ്മാണങ്ങൾക്ക് അഗ്നിശമന സേനയുടെ എൻ. ഒ .സി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1578 4.12.15- ൽ മറുപടി നൽകേണ്ടത്**

| | ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു.നഗരകാര്യവും ന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി |
|---|---|---|---|
| (എ) | കേരള ബിൽഡിംഗ്സ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം എത്ര സ്ക്വയർഫീറ്റിലും എത്ര മീറ്റർ ഉയരത്തിലും അധികമുള്ള കെട്ടിട നിർമ്മാണങ്ങൾക്കാണ് അഗ്നിശമന സേനയുടെ എൻ. ഒ .സി. ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53(3), കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55(4) എന്നിവ പ്രകാരം ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 3 നിലകളിൽ അധികരിക്കുന്ന റസിഡൻഷ്യൽ ഒക്യുപൻസിയിലും സ്പെഷ്യൽ റസിഡൻഷ്യൽ/ലോഡ്ജിംഗ് ഹൗസസ് ഒക്യുപൻസിയിലുംപെടുന്ന കെട്ടിടങ്ങൾക്ക് അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമാണ്.<br><br>കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54(4a)-യും 56(3j)-യും, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 56(5), 58(12) എന്നിവ പ്രകാരം, ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 3 ഫ്ലോറുകൾ, അധികരിക്കുന്ന എഡ്യൂക്കേഷണൽ, മെഡിക്കൽ/ഹോസ്പിറ്റൽ, ഓഫീസ്/ബിസിനസ് ഒക്യുപൻസികളിൽ പ്പെട്ട കെട്ടിടങ്ങൾക്കും; ഭൂ നിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 2 ഫ്ലോറുകൾ അധികരിക്കുന്ന മെർക്കന്റൈൽ/കോമേഴ്സ്യൽ ഒക്യുപൻസികളിൽ പ്പെട്ട കെട്ടിടങ്ങൾക്കും, അഗ്നിശമന സേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമാണ്.<br><br>കൂടാതെ, കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ 55(8a), 57(11a), 58(4a) എന്നിവ പ്രകാരവും, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ 57(8), |

| | | | |
|---|---|---|---|
| | | | 59(11a), 60(6) എന്നിവ പ്രകാരവും; ഫ്ലോറുകളുടെ എണ്ണം എത്രതന്നെയായാലും, അസംബ്ലി, ഇൻഡസ്ട്രിയൽ, സ്റ്റോറേജ് ഒക്യുപൻസികളിൽ പ്പെടുന്നകെട്ടിടങ്ങൾക്ക് അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നുണ്ട്.<br><br>കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(5a) പ്രകാരം ഗ്രൂപ്പ് I(1) ഒഴികെയുള്ള ഹസാർഡസ് ഒക്യുപൻസിയിൽ പ്പെട്ട കെട്ടിടങ്ങൾക്കും, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 61(6) പ്രകാരം ഹസാർഡസ് ഒക്യുപൻസിയിൽ പ്പെട്ട കെട്ടിടങ്ങൾക്കും കൂടി അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55(10a) പ്രകാരം നിലവിലെ അംഗീകൃതമായ സിനിമാ ഹാൾ/തീയറ്ററുകളെ നിബന്ധനകൾക്കനുസൃതമായി മൾട്ടി സ്ക്രീനുകളായി മാറ്റം വരുത്തുന്നതിനും, കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 33(7), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 37(7) എന്നിവ പ്രകാരം, കടൽമാർഗ്ഗമല്ലാത്ത ദ്വീപിലേയ്ക്കുള്ള ജലവീഥിയെ (Water Way), കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വഴി (Access) ആയി പരിഗണിക്കുമ്പോഴും അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റവും വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഉയരം 16 മീറ്ററിൽ കൂടാത്ത നാല് നിലകളുള്ള കെട്ടിട നിർമ്മാണം സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കുമോ ; | (സി) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരളാ നഗര ഗ്രാമാസൂത്രണ ഓർഡിനൻസ് പ്രകാരമുള്ള പ്ലാനുകളിലേയും വ്യവസ്ഥകളാണ് ഈ വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ളത് സംബന്ധിച്ച നിയമ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ. മേൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം VIII, IX, X എന്നിവയിൽ യഥാക്രമം ചെറിയ പ്ലോട്ടുകളിലെ നിർമ്മാണം, നിരനിരയായ കെട്ടിടങ്ങൾ, സാമ്പത്തിക അവശ വിഭാഗങ്ങൾക്കുള്ള സ്കീമുകളിലെ കെട്ടിട നിർമ്മാണം എന്നിവ സംബന്ധിച്ചത് പ്രതിപാദിക്കുന്നത് പൊതുവേ 4-ൽ താഴെ നിലകളുള്ള കെട്ടിട നിർമ്മാണങ്ങൾക്കുള്ള ചില വ്യവസ്ഥകളാണ്. മേൽപ്പടി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ മറ്റു അദ്ധ്യായങ്ങളിൽ അതാതു സംഗതിപോലെ 4 നിലയോ, 16 മീറ്റർ വരെ ഉയരമുള്ളതോ ആയ കെട്ടിടങ്ങൾക്കോ; അവയുടെ അനുബന്ധമായി വരാവുന്ന മറ്റു നിർമ്മാണങ്ങൾക്കോ ബാധകമാകാവുന്നതുമായ വ്യവസ്ഥകളാണ്. |
| (ഡി) | അഗ്നിശമന സേനയുടെ എൻ.ഒ.സി. ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ നഗരസഭകളിൽ ബിൽഡിംഗ് പെർമിഷനു വേണ്ടി ലഭിച്ച എത്ര അപേക്ഷകൾ തീരുമാനം എടുക്കാതെ മാറ്റിവെച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ